**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5375** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിങ് പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഡ്രൈവിങ് ലൈസൻസ് ലഭിക്കുന്നതിനുള്ള ലേണേഴ്സ് പരീക്ഷ, അവബോധന ക്ലാസുകൾ എന്നിവയുടെ സിലബസ് അവസാനമായി പരിഷ്കരിച്ചത് എന്നാണ്; | (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 31.03.2021-ലെ G.S.R. 240(E) നമ്പർ വിജ്ഞാപനപ്രകാരമാണ് ലേണേഴ്സ് ലൈസൻസിനുള്ള സിലബസ്, 01.04.2021 പ്രാബല്യത്തിൽ, അവസാനമായി പരിഷ്കരിച്ചത്. |
| (ബി) | ഇന്ത്യൻ റോഡ് കോൺഗ്രസ് സമ്മേളനത്തിലെ നിർദ്ദേശം ഉൾപ്പെടുത്തി അടിയന്തരമായി പ്രസ്തുത സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരമാണ് ലേണേഴ്സ് ലൈസൻസ് സിലബസ് പരിഷ്കരിക്കുന്നത്. മേൽ സിലബസ് പരിഷ്കരണത്തിനോടനുബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് ചോദ്യങ്ങൾ തയ്യാറാക്കി നൽകുകയാണ് പതിവ്. എന്നാൽ 2018-ൽ 'വാഹൻ-സാരഥി' നടപ്പിലാക്കിയതോടെ രാജ്യവ്യാപകമായി ചോദ്യാവലി ഏകീകരണം നടന്നുവരുന്നു. ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് പുതിയ സിലബസിനനുസൃതമായ ചോദ്യങ്ങൾ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തുമെന്ന് കരുതുന്നു. |
| (സി) | റോഡിൽ രേഖപ്പെടുത്തുന്ന അടയാളങ്ങൾ പരിഷ്കരിച്ചതും കൂട്ടിച്ചേർത്തതും അറിയാത്തത് മൂലം നിയമലംഘനങ്ങൾ വർദ്ധിക്കുമെന്നതിനാൽ സിലബസ് പരിഷ്കരിക്കുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാമോ; വിശദമാക്കാമോ? | (സി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരമാണ് ലേണേഴ്സ് ലൈസൻസ് സിലബസ് പരിഷ്കരിക്കുന്നത്. മേൽ സിലബസ് പരിഷ്കരണത്തിനോടനുബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് ചോദ്യങ്ങൾ തയ്യാറാക്കി നൽകുകയാണ് പതിവ്. എന്നാൽ 2018-ൽ 'വാഹൻ-സാരഥി' നടപ്പിലാക്കിയതോടെ രാജ്യവ്യാപകമായി ചോദ്യാവലി ഏകീകരണം നടന്നുവരുന്നു. ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് പുതിയ സിലബസിനനുസൃതമായ ചോദ്യങ്ങൾ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ